(ബി) പണി ഉടനെ ആരംഭിക്കുന്നതാണ്.

കണ്ണൂരിൽ എഞ്ചിനീയറിംഗ് കോളേജ്

176. [458] ശ്രീ. പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂരിൽ എഞ്ചിനീയറിംഗ് കോളേജ് ആരംഭിക്കുന്നതിന് ഉദ്ദേശമുണ്ടോ ;

(ബി) ഇതു സംബന്ധിച്ചുള്ള ഉദ്യോഗസ്ഥൻമാരുടെ അന്വേഷണ റിപ്പോർട്ട് കിട്ടിയിട്ടുണ്ടോ ?

ഉത്തരം

(എ), (ബി) സംസ്ഥാനത്ത് പുതിയ എഞ്ചിനീയറിംഗ് കോളേജുകൾ ആരംഭിക്കുന്നതു സംബന്ധിച്ച് റിപ്പോർട്ട് തയ്യാറാക്കാൻ നിയുക്തനായ സ്പെഷ്യൽ ഓഫീസറുടെ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ട്. അതിൻ മേൽ അന്തിമ തീരുമാനമായിട്ടില്ല.

പുതിയ എഞ്ചിനീയറിംഗ് കോളേജുകൾ

177. [459] ശ്രീ വി. ദിനകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ പുതിയ എഞ്ചിനീയറിംഗ് കോളേജുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) പൊതുമേഖലയിലാണോ അതോ സഹകാര്യമേഖലയിലാണോ ആരംഭിക്കാൻ ഉദ്ദേശിക്കുന്നത് ;

(സി) ഇതു സംബന്ധിച്ച് സ്ഥല നിർണയം നടത്തിയിട്ടുണ്ടെങ്കിൽ എവിടെയെല്ലാമാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പൊതുമേഖലയിൽ.

(സി) വിദ്യാഭ്യാസത്തിൽ മുന്നിട്ടുനിൽക്കുന്ന മദ്ധ്യ തിരുവിതാംകൂർ പ്രദേശത്ത് ഒന്നും, വ്യവസായ മേഖലയായ കൊച്ചി പ്രദേശത്ത് ഒന്നും പിന്നോക്ക പ്രദേശമായ വടക്കൻ മലബാറിൽ ഒന്നും എന്നിങ്ങനെ മൂന്ന് എഞ്ചിനീയറിംഗ് കോളേജുകൾ സ്ഥാപിക്കണമെന്നാണ് ഇതു സംബന്ധിച്ചു തയ്യാറാക്കിയ റിപ്പോർട്ടിൽ നിർദ്ദേശിക്കപ്പെട്ടിരിക്കുന്നത്. ഇതു സംബന്ധിച്ച് അന്തിമ തീരുമാനം എടുത്തിട്ടില്ല.

ചിറ്റൂർ ഗവൺമെൻറ് കോളേജിൻെറ പുതിയ കെട്ടിടം

178. [460] ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചിറ്റൂർ ഗവൺമെൻറ് കോളേജിന് വേണ്ടി പണികഴിപ്പിച്ച പുതിയ കെട്ടിടം കോളേജ് പ്രവർത്തനത്തിന് വിട്ടുകൊടുക്കുകയുണ്ടായോ ;

(ബി) ഇല്ലെങ്കിൽ കാരണമെന്ത് ?

ഉത്തരം

(എ) ഇല്ല.

(ബി) കെട്ടിടം പണി മുഴുവനും തീർന്നിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly